# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5902    04.07.2019 -ൽ മറുപടിക്ക്**

**തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാത**

| **ചോദ്യം**<br>**ശ്രീ.മുരളി പെരുനെല്ലി :** | | **മറുപടി**<br>**ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയുടെ ഒന്നാംഘട്ടത്തിലുള്ള ഒൻപത് കിലോമീറ്റർ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; | (എ) | കൾവർട്ട്, കാന എന്നിവയുടെ പ്രവൃത്തികൾ 60% പൂർത്തിയായി. ബിറ്റുമിൻ മെക്കാഡം ടാറിംഗ് പകുതിയോളം പൂർത്തിയായി. |
| (ബി) | പ്രസ്തുത പാതയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിജൻസി തുകയായ 50 ലക്ഷം രൂപ റവന്യൂ വകുപ്പിനു കൈമാറിയിട്ടുണ്ട്. 12.02.2019-ലെ 13/2019-ധന നമ്പർ സർക്കുലർ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് plan head-ൽ മതിയായ ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടെന്ന് ഉറപ്പ് വരുത്തി സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുകയ്ക്ക് ഭരണാനുമതിയ്ക്ക് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ 30.03.2019-ൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാന പാതയിൽ രണ്ടാംഘട്ടമായ 9/000 മുതൽ 16/002 വരെ ബി.എം. & ബി.സി പ്രവർത്തനങ്ങൾക്കു വേണ്ടി ജി.ഒ. (ആർ.ടി) നം.1978/2018/പൊ.മ.വ. തീയതി 22.12.2018 പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ